<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741</u> <u>11-10-2024 - ൽ മറുപടിയ്ക്ക്</u>

<u>നാലു വർഷ ബിരുദ പ്രോഗ്രാം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബിരുദ പഠനത്തിനായി യു.ജി.സി. ആവിഷ്കരിച്ച നാലു വർഷ ബിരുദ പ്രോഗ്രാമിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ഇവയിൽ ഡോ. ശ്യാം ബി മേനോൻ അധ്യക്ഷനായ 'ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ' മുന്നോട്ടു വച്ച കരിക്കുലം പരിഷ്കരണ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇതിനായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായുള്ള 'കേരള സംസ്ഥാന ഹയർ എഡ്യുക്കേഷൻ കരിക്കുലം കമ്മിറ്റി' സർക്കാർ രൂപീകരിക്കുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച കരിക്കുലം കമ്മിറ്റിയാണ് നാലുവർഷ ബിരുദ പദ്ധതിയുടെ കരിക്കുലം ചട്ടക്കൂട് ആവിഷ്കരിച്ചത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമൂഹ്യവീക്ഷണവും അക്കാദമിക ലക്ഷ്യങ്ങളും ഉൾച്ചേർന്നുള്ള ഒരു ബദൽ മാതൃകയാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നത്. ദേശീയ നയം പിന്തുടരുന്ന ബിരുദ തലത്തിലുള്ള ഒന്നും രണ്ടും വർഷങ്ങളിലുള്ള എക്സിറ്റ് ഓപ്ഷൻ (First year exit, Second year exit) കേരളം അംഗീകരിക്കുന്നില്ല. കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യം ഉൾക്കൊള്ളുന്ന Kerala Knowledge Systems ഫൗണ്ടേഷൻ തലത്തിലെ മൾട്ടി- ഡിസിപ്ലിനറി കോഴ്സുകളുടെ ഭാഗമായി സംസ്ഥാനം തന്നെ രൂപകൽപന ചെയ്യുകയാണ്. |
| (ബി) | പ്രസ്തുത പാഠ്യപദ്ധതി വിദ്യാർത്ഥികളുടെ വിദേശ പഠനം സുഗമമാക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | വിദേശ പഠനം സുഗമമാക്കുന്നതിനല്ല, പകരം വിദേശങ്ങളിൽ ലഭ്യമായ അവസരങ്ങൾ സംസ്ഥാനത്ത് ഒരുക്കുന്നതിനാണ് പുതിയ പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം |

| | | | |
|---|---|---|---|
| | | | കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. |
| (സി) | സംസ്ഥാനത്ത് ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പാഠ്യപദ്ധതി എത്രമാത്രം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ; | (സി) | നാലുവർഷ ബിരുദ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് ഗവേഷണ രംഗത്ത് കടന്നുവരാനുള്ള ബി.എ./ ബി.എസ്.സി. (ഓണേഴ്സ് വിത്ത് റിസർച്ച്) എന്നീ പഠന പന്ഥാവുകൾ (path ways) ലഭ്യമാണ്. നാലുവർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷ പഠനം കൊണ്ട് പി.ജി. വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയും. FYUGP-ലെ മൈനർ കോഴ്സുകൾ മുഖ്യവിഷയമായെടുത്ത വിദ്യാർത്ഥികൾക്ക് പി.ജി. പ്രോഗ്രാമുകൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. നാലുവർഷ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് UGC-PhD-NET പരീക്ഷ എഴുതാനുള്ള അനുമതി യു.ജി.സി നൽകിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ എല്ലാവർക്കും നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പി.എച്ച്.ഡി ഗവേഷണത്തിന് പ്രവേശനം ലഭിക്കുന്നു. |
| (ഡി) | ബിരുദ വിദ്യാർത്ഥികൾക്ക് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുവാനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ഡി) | നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻ പ്രകാരം ഓൺലൈൻ വഴി കോഴ്സുകൾ ചെയ്യാനും ഇതുവഴി സമാഹരിച്ച ക്രെഡിറ്റുകൾ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റിലേക്ക് കൈമാറാവുന്നതുമാണ്.<br><br>സർവകലാശാലകളുമായി ബന്ധപ്പെട്ട അക്കാദമിക്, പരീക്ഷ, അസൂത്രണം, ഫിനാൻസ്, ഭരണവിഭാഗങ്ങൾ എന്നിവ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കുന്നതിനായി Kerala Resource for Education Administration and Planning (K-REAP) എന്ന പേരിൽ ഒരു ഇ-ഗവേണൻസ് സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ, K-DISC-ന്റെ DWMS പോർട്ടൽ വഴി വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ അവസരമൊരുക്കുന്നു. |

സെക്ഷൻ ഓഫീസർ